# രോഗികളുടെ നാഥൻ



## രോഗികൾക്കുള്ള പ്രാർത്ഥനാ പുസ്തകം

*"വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനല്കും."*

**യാക്കോബ് 5:15**

Published by :

**MARANATHA MEDIA CENTRE**

Sanjoe Tower, Opp K.S.R.T.C., Shoranur Road, Palakkad - 14

Ph : 0491 2504290, 8301854290. E-mail : maranatha@sehion.org

## രോഗിയായ ഹെസക്കിയാ രാജാവ് പ്രാർത്ഥിച്ചു, രോഗം കർത്താവ് സുഖപ്പെടുത്തി

"ആ ദിവസങ്ങളിൽ ഹെസക്കിയാ രോഗിയാവുകയും മരണത്തോട് അടുക്കുകയും ചെയ്തു. ആമോസിന്റെ പുത്രനായ ഏശയ്യാ പ്രവാചകൻ അവനെ സമീപിച്ചു പറഞ്ഞു: കർത്താവ് അരുളിച്ചെയ്യുന്നു, നിന്റെ ഭവനം ക്രമപ്പെടുത്തുക, എന്തെന്നാൽ നീ മരിക്കും; സുഖം പ്രാപിക്കുകയില്ല. ഹെസക്കിയാ ചുമരിന്റെ നേരെ തിരിഞ്ഞ് കർത്താവിനോടു പ്രാർത്ഥിച്ചു: കർത്താവേ ഞാൻ വിശ്വസ്തതയോടും പൂർണ്ണഹൃദയത്തോടും കൂടി അങ്ങയുടെ മുമ്പിൽ വ്യാപരിച്ചുവെന്നും അങ്ങേക്കു പ്രീതികരമായത് എപ്പോഴും അനുവർത്തിച്ചുവെന്നും അങ്ങ് ഇപ്പോൾ അനുസ്മരിക്കണമേ! അനന്തരം ഹെസക്കിയാ വേദനയോടെ കരഞ്ഞു. അപ്പോൾ ഏശയ്യായ്ക്കു കർത്താവിന്റെ അരുളപ്പാടുണ്ടായി. നീ ചെന്ന് ഹെസക്കിയായോടു പറയുക. നിന്റെ പിതാവായ ദാവീദിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. നിന്റെ പ്രാർത്ഥന ഞാൻ ശ്രവിച്ചിരിക്കുന്നു. നിന്റെ കണ്ണുനീർ ഞാൻ ദർശിച്ചു. ഇതാ നിന്റെ ആയുസ്സ് പതിനഞ്ചു വർഷംകൂടി ഞാൻ ദീർഘിപ്പിക്കും."

(ഏശയ്യാ 38:1–5)


**Rogikalude Nathan** *(Malayalam)*

Author : **Rev. Fr. Xavier Khan Vattayil**

| | | | |
|---|---|---|---|
| Ist Edition | : 2008 August | 50,000 | Copies |
| XIth Edition Till Date | : 2015 October | 5,90,000 | Copies |
| XIVth Edition Till Date | : 2016 June | 80,000 | Copies |
| XVth Edition | : 2016 August | 30,000 | Copies |
| XVIth Edition | : 2016 October | 30,000 | Copies |

✝

**വിശുദ്ധ കുരിശിന്റെ ✝ അടയാളത്താൽ ഞങ്ങളുടെ ✝ ശത്രുക്കളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ ✝ ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.**

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യാമറിയത്തിൽനിന്നു പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു; അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.



# ബന്ധന പ്രാർത്ഥന

ഈശോയുടെ നാമത്തിൽ, ഈശോയുടെ തിരുരക്തത്തിന്റെ ശക്തിയിൽ, ഈശോയുടെ കുരിശിന്റെ അടയാളത്തിൽ എല്ലാ നാരകീയ ശക്തികളെയും പൈശാചിക സാന്നിദ്ധ്യങ്ങളെയും ഞാൻ ബന്ധിക്കുന്നു. നാരകീയശക്തികളേ, അന്ധകാരശക്തികളേ നിങ്ങളോടു ഞാൻ കല്പിക്കുന്നു; നസ്രായനായ യേശുവിന്റെ നാമത്തിൽ എന്നെയും ഈ കുടുംബത്തെയും (ഈ സ്ഥാപനത്തെയും) വിട്ടുപോകുക. നിത്യ നരകാഗ്നിയിലേക്കു പോകുക. ഇനി ഒരിക്കലും മടങ്ങി വരരുതെന്ന് ഈശോയുടെ തിരുനാമത്തിൽ ഞാൻ കല്പിക്കുന്നു.

യേശുവേ സ്തോത്രം, യേശുവേ നന്ദി.

(അല്പസമയം സ്തുതിക്കുക.)


**ഈ ബന്ധനപ്രാർത്ഥന ആവർത്തിച്ചു ചൊല്ലുന്നത് നല്ലതാണ്**



**യേശു ലോകരക്ഷകനും ഏകരക്ഷകനും പാപമോചകനും സൗഖ്യദാതാവുമാണ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മേൽ അവിടുന്ന് തന്റെ സമ്പത്ത് വർഷിക്കുന്നു.**

***"അജ്ഞാതമായ മാർഗ്ഗത്തിൽ കുരുടരെ ഞാൻ നയിക്കും. അപരിചിതമായ പാതയിൽ അവരെ ഞാൻ നടത്തും. അവരുടെ മുമ്പിലെ അന്ധകാരത്തെ ഞാൻ പ്രകാശമാക്കുകയും ദുർഘടദേശങ്ങളെ നിരപ്പാക്കുകയും ചെയ്യും. ഇവയെല്ലാം ഞാൻ അവർക്ക് ചെയ്തുകൊടുക്കും; അവരെ ഉപേക്ഷിക്കുകയില്ല".*** **(ഏശയ്യാ 42:16)**

***"...നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു".*** **(ഏശയ്യാ 53:4-5)**



# പ്രാർത്ഥന


യേശുവേ രക്ഷകാ, അട്ടപ്പാടി മലമുകളിൽ അങ്ങ് സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന സെഹിയോൻ ധ്യാനകേന്ദ്രത്തിലിരുന്ന് ലോകമെമ്പാടുമുള്ള എല്ലാ രോഗികൾക്കും, ദുഃഖിതർക്കും, വിനാശത്തിലിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഈശോയെ അടിയനോടും ഈ ആലയത്തോടുമുള്ള ഇഷ്ടത്തെ പ്രതി അങ്ങയുടെ കുരിശു മരണത്തിന്റെ യോഗ്യതയാൽ രോഗികളെ സുഖപ്പെടുത്തണമേ, തകർന്നവരെ രക്ഷിക്കണമെ. സാത്താനെയും അവന്റെ കുതന്ത്രങ്ങളെയും തകർക്കണമെ.

ആമ്മേൻ.

**"ദരിദ്രരും നിരാലംബരും ജലം അന്വേഷിച്ചു കണ്ടെത്താതെ, ദാഹത്താൽ നാവ് വരണ്ടുപോകുമ്പോൾ, കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും. ഇസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവെടിയുകയില്ല. പാഴ്മലകളിൽ നദികളും താഴ്‌വരകളുടെ മധ്യേ ഉറവകളും ഞാൻ ഉണ്ടാക്കും; മരുഭൂമിയെ ജലാശയവും വരണ്ട പ്രദേശത്തെ നീരുറവയുമാക്കും." (ഏശയ്യാ 41:17 – 18)**

# നസ്രായനായ യേശു രോഗികളുടെ നാഥൻ

## 1. യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു



**മത്താ. 8:1-4** : "യേശു മലയിൽ നിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. അപ്പോൾ ഒരു കുഷ്ഠരോഗി അടുത്തുവന്ന് താണുവണങ്ങി പറഞ്ഞു : കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. യേശു കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ട്, അരുളിച്ചെയ്തു: എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിവരട്ടെ. തത്ക്ഷണം കുഷ്ഠം മാറി അവനു ശുദ്ധി വന്നു...."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

> *കർത്താവു നിങ്ങളിൽ നിന്ന് എല്ലാ രോഗങ്ങളും മാറ്റിക്കളയും...*
>
> ***(നിയമാ. 7:15)***



## 2. അവൻ എല്ലാ രോഗികളേയും സുഖപ്പെടുത്തി


**മത്താ. 8:16** : "സായാഹ്നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ അവന്റെയടുത്തു കൊണ്ടുവന്നു. അവൻ അശുദ്ധാത്മാക്കളെ വചനംകൊണ്ടു പുറത്താക്കുകയും എല്ലാ രോഗികളേയും സുഖപ്പെടുത്തുകയും ചെയ്തു."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*അപ്പോൾ യേശു വളരെപ്പേരെ രോഗങ്ങളിൽനിന്നും പീഡകളിൽനിന്നും അശുദ്ധാത്മാക്കളിൽനിന്നും സുഖപ്പെടുത്തുകയും അനേകം കുരുടൻമാർക്ക് കാഴ്ചകൊടുക്കുകയും ചെയ്തു. അവൻ പറഞ്ഞു: നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുക. കുരുടൻമാർ കാണുന്നു; മുടന്തൻമാർ നടക്കുന്നു; കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എന്നിൽ ഇടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ.*

**(ലൂക്കാ. 7:21-23)**

## 3. ശതാധിപന്റെ ഭൃത്യൻ



**മത്താ. 8:5-7** : "യേശു കഫർണാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അവന്റെ അടുക്കൽവന്ന് യാചിച്ചു: കർത്താവേ, എന്റെ ഭൃത്യൻ തളർവാതം പിടിപ്പെട്ട് കഠിനവേദന അനുഭവിച്ച്, വീട്ടിൽ കിടക്കുന്നു. യേശു അവനോടു പറഞ്ഞു: ഞാൻ വന്ന് അവനെ സുഖപ്പെടുത്താം."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*പത്രോസ് അവനോടു പറഞ്ഞു: ഐനെയാസേ, യേശുക്രിസ്തു നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിൻെറ കിടക്ക ചുരുട്ടുക. ഉടൻതന്നെ അവൻ എഴുന്നേറ്റു. ലിദായിലെയും സാറോണിലെയും സകല ജനങ്ങളും അവനെ കണ്ടു കർത്താവിലേക്കു തിരിഞ്ഞു.*

**(അപ്പസ്തോ. 9:34-35)**

# 4. യേശു രോഗികളെ സുഖപ്പെടുത്തുന്നു




മത്താ. 4:24 :"...എല്ലാ രോഗികളേയും, വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും, പിശാചുബാധിതർ, അപസ്മാര രോഗികൾ, തളർവാതക്കാർ എന്നിവരേയും അവർ അവന്റെ അടുത്തുകൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*ഞാൻ നിങ്ങളുടെ നാട്ടിൽ സമാധാനം സ്ഥാപിക്കും. നിങ്ങൾ സ്വൈരമായി വസിക്കും. ആരും നിങ്ങളെ ഭയപ്പെടുത്തുകയില്ല. ഞാൻ നാട്ടിൽനിന്നു ദുഷ്ട മൃഗങ്ങളെ ഓടിച്ചുകളയും. നിങ്ങളുടെ ദേശത്തുകൂടെ വാൾ കടന്നുപോകയില്ല.*

**(ലേവ്യർ 26:6)**



## 5. തളർവാതരോഗി സുഖം പ്രാപിക്കുന്നു

മത്താ. 9:6-8 : "...അനന്തരം അവൻ തളർവാതരോഗിയോടു പറഞ്ഞു. എഴുന്നേറ്റ്, നിന്റെ ശയ്യയുമെടുത്ത് വീട്ടിലേക്കു പോവുക. അവൻ എഴുന്നേറ്റ് വീട്ടിലേക്കു പോയി. ഇതുകണ്ട് ജനക്കൂട്ടം ഭയചകിതരായി. മനുഷ്യർക്ക് ഇത്തരം അധികാരം നല്കിയ ദൈവത്തെ മഹത്വപ്പെടുത്തി."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ.*

**(മത്തായി 10:8)**



## 6. അന്ധർക്കു കാഴ്ച


**മത്താ. 9:27-30 :** "യേശു അവിടെനിന്നു കടന്നു പോകുമ്പോൾ, രണ്ട് അന്ധൻമാർ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ എന്ന് കരഞ്ഞപേക്ഷിച്ചുകൊണ്ട് അവനെ അനുഗമിച്ചു. അവൻ ഭവനത്തിലെത്തിയപ്പോൾ ആ അന്ധൻമാർ അവന്റെ സമീപം ചെന്നു. യേശു അവരോടു ചോദിച്ചു: എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? ഉവ്വ്, കർത്താവേ, എന്ന് അവർ മറുപടി പറഞ്ഞു. നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞു കൊണ്ട് അവൻ അവരുടെ കണ്ണുകളിൽ സ്പർശിച്ചു. അവരുടെ കണ്ണുകൾ തുറന്നു...."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽനിന്നു ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു.*

**(ലൂക്കാ. 6:19)**

## 7. ഊമനെ സുഖപ്പെടുത്തുന്നു




**മത്താ. 9:32-33** "അവർ പൊയ്ക്കഴിഞ്ഞപ്പോൾ പിശാചുബാധിതനായ ഒരു ഊമനെ ജനങ്ങൾ അവന്റെയടുക്കൽ കൊണ്ടുവന്നു. അവൻ പിശാചിനെ പുറത്താക്കിയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനങ്ങൾ അത്ഭുതപ്പെട്ടു പറഞ്ഞു: ഇതു പോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*കണ്ണീരോടെയാണ് അവർ വരുന്നത്; എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും. അവരുടെ വഴി സുഗമമായിരിക്കും; അവർക്കു കാലിടറുകയില്ല. എന്തെന്നാൽ, ഞാൻ ഇസ്രായേലിനു പിതാവാണ്....*

**(ജറെമിയ 31:9)**

## 8. കൈ ശോഷിച്ചവനെ സുഖപ്പെടുത്തുന്നു



മത്താ. 12:9-13 : "യേശു അവിടെ നിന്നു യാത്രതിരിച്ച് അവരുടെ സിനഗോഗിലെത്തി. അവിടെ കൈ ശോഷിച്ച ഒരുവൻ ഉണ്ടായിരുന്നു. ......അനന്തരം, അവൻ ആ മനുഷ്യനോടു പറഞ്ഞു : കൈ നീട്ടുക. അവൻ കൈ നീട്ടി. ഉടനെ അത് സുഖം പ്രാപിച്ച് മറ്റേ കൈ പോലെയായി."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*അപ്പോൾ കർത്താവ് ജറെമിയായോട് അരുളിച്ചെയ്തു: ഞാൻ സകല മർത്ത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ?*

**(ജറെമിയ 32:26-27)**

## 9. ഗനേസറത്തിലെ അത്ഭുതങ്ങൾ

**മത്താ. 14:34–36** : “അവർ കടൽ കടന്ന് ഗനേസറത്തിലെത്തി. അവിടുത്തെ ജനങ്ങൾ അവനെ തിരിച്ചറിഞ്ഞ്, ചുറ്റുമുള്ള നാട്ടിലെല്ലാം ആളയച്ച്, സകല രോഗികളേയും അവന്റെ അടുത്തു കൊണ്ടുവന്നു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊടാനെങ്കിലും അനുവദിക്കണമെന്ന് അവർ അവനോടപേക്ഷിച്ചു. സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തു.”



***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

> കർത്താവ് അരുളിച്ചെയ്യുന്നു: കരച്ചിൽ നിർത്തി കണ്ണീർ തുടയ്ക്കു. നിന്റെ യാതനകൾക്കു പ്രതിഫലം ലഭിക്കും....
>
> **(ജറെമിയ 31:16)**



## 10. അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നു


**മത്താ. 17:14–18 :** "അവർ ജനക്കൂട്ടത്തിന്റെ അടുത്തേക്കു വന്നപ്പോൾ ഒരാൾ കടന്നു വന്ന് അവന്റെ സന്നിധിയിൽ പ്രണമിച്ചുകൊണ്ടു പറഞ്ഞു: കർത്താവേ, എന്റെ പുത്രനിൽ കനിയണമേ; അവൻ അപസ്മാരം പിടിപ്പെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ളത്തിലും വീഴുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുത്തു കൊണ്ടുവന്നു. പക്ഷേ, അവനെ സുഖപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല. യേശു പ്രതിവചിച്ചു: വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും! എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും! അവനെ ഇവിടെ എന്റെ അടുത്തു കൊണ്ടുവരിക. യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. തത്ക്ഷണം ബാലൻ സുഖം പ്രാപിച്ചു."

***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ..... രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

*....രോഗികളെ സുഖപ്പെടുത്താൻ കർത്താവിൻെറ ശക്തി അവനിൽ ഉണ്ടായിരുന്നു.* **(ലൂക്കാ. 5:17)**

## 11. ജറീക്കോയിലെ സൗഖ്യം

**മത്താ. 20:29-34** : "അവൻ ജറീക്കോയിൽനിന്നു യാത്രപുറപ്പെട്ടപ്പോൾ ഒരു വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. യേശു ആ വഴി കടന്നുപോകുന്നെന്നു കേട്ടപ്പോൾ, വഴിയരികിലിരുന്ന രണ്ട് അന്ധൻമാർ ഉച്ചത്തിൽ നിലവിളിച്ചു: കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ... യേശു അവിടെ നിന്ന് അവരെ വിളിച്ചു ചോദിച്ചു: ഞാൻ നിങ്ങൾക്കു എന്തു ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? അവർ പറഞ്ഞു: കർത്താവേ, ഞങ്ങൾക്കു കണ്ണുകൾ തുറന്നുകിട്ടണം. യേശു ഉള്ളലിഞ്ഞ് അവരുടെ കണ്ണുകളിൽ സ്പർശിച്ചു. തത്ക്ഷണം അവർക്കു കാഴ്ച കിട്ടി...."



***കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ.....***
***രോഗിയായ എന്നെ സുഖപ്പെടുത്തണമേ.***

> അപ്പോൾ, അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും. ബധിരരുടെ ചെവി ഇനി അടഞ്ഞിരിക്കുകയില്ല.
> (ഏശയ്യാ 35:5)

## അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.

1 പത്രോ. 2:24

**(യേശുവിനെ വിളിച്ചു സൗഖ്യം പ്രാപിക്കുക)**

രോഗപീഢകളുടെ മേൽ അധികാരമുള്ള
യേശുവേ.

മഹോദരരോഗിയെ സുഖപ്പെടുത്തിയ
യേശുവേ,

അന്ധന് കാഴ്ചശക്തി നല്കിയ യേശുവേ,

കൈ ശോഷിച്ചു പോയവനെ
സുഖപ്പെടുത്തിയ യേശുവേ,

ഊമർക്ക് സംസാരശക്തി നല്കിയ യേശുവേ,

രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയ
യേശുവേ,

ചെകിടർക്ക് കേൾവിശക്തി നല്കിയ
യേശുവേ,

അപസ്മാരരോഗികളെ സുഖപ്പെടുത്തിയ
യേശുവേ,

കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ
യേശുവേ,

**രോഗിയായ എന്നെ സൗഖ്യപ്പെടുത്തണമേ!**

ജായ്റോസിന്റെ മകളെ ഉയിർപ്പിച്ച
യേശുവേ,

പിശാചുബാധിതനായ ബാലനെ
സുഖപ്പെടുത്തിയ യേശുവേ,

കൂനിയായ സ്ത്രീയെ സുഖപ്പെടുത്തിയ
യേശുവേ,

സാബത്തിൽ രോഗശാന്തി നല്കിയ യേശുവേ,

ശതാധിപന്റെ ഭൃത്യന് രോഗശാന്തി നല്കിയ
യേശുവേ,

സീറോ ഫിനീഷ്യൻ സ്ത്രീയുടെ മകളെ
സുഖപ്പെടുത്തിയ യേശുവേ,

നായീമിലെ വിധവയുടെ മകനെ
പുനർ ജീവിപ്പിച്ച യേശുവേ,

ലാസറിനെ ഉയിർപ്പിച്ച യേശുവേ,

രോഗികളോട് മനസ്സലിവുള്ള യേശുവേ,

എനിക്ക് മനസ്സുണ്ട്, നിനക്ക് ശുദ്ധിയുണ്ടാകട്ടെ
എന്ന് കല്പിച്ച യേശുവേ,

എന്റെ പാപങ്ങളും രോഗങ്ങളും സ്വന്തം
ശരീരത്തിൽ വഹിച്ച യേശുവേ,

***(നിങ്ങളുടെയോ, പ്രിയപ്പെട്ടവരുടെയോ രോഗങ്ങൾ യേശുവിനോട് വിളിച്ചുപറഞ്ഞ് സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അതിനുശേഷം അല്പസമയം യേശുവിനെ സ്തുതിക്കുക.)***

## രോഗാവസ്ഥയിൽ നിന്ന് വിടുതലിനായി പാപങ്ങൾ ഉപേക്ഷിച്ച് പ്രാർത്ഥിക്കണം

*"മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർത്ഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും. നീ തെറ്റുകൾ തിരുത്തി നേരായ മാർഗ്ഗത്തിലേക്കു തിരിയുകയും ഹൃദയത്തിൽനിന്നു പാപം കഴുകിക്കളെയുകയും ചെയ്യുക."*

**പ്രഭാഷ. 38:9–10**

*"അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു."*

**സങ്കീ. 103:3**

*"നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ".* **യാക്കോ. 5:16**

*"നിങ്ങളുടെയിടയിൽ ദുരിതം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ."* **യാക്കോ. 5:13**

*"അതിനാൽ ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും."* **മർക്കോ. 11:24**

## യേശുവേ, എന്റെ ദൈവമേ...

തകർന്നടിഞ്ഞ ഒരാത്മാവും
രോഗം പിടിച്ച ഒരു ശരീരവുമായി
ഞാനിതാ പ്രാർത്ഥിക്കുന്നു...
എന്റെ പാപങ്ങൾ കഴുകി
രോഗപീഢകളിൽ നിന്ന് എന്നെ വിടുവിക്കണമേ...
യേശുവേ... എന്നെ ഉപേക്ഷിച്ചിട്ടു പോകരുതേ...
എന്റെ യേശുവേ എന്നെ സുഖപ്പെടുത്തണമേ...

## യേശുവേ സുഖപ്പെടുത്തണമേ!

യേശുവേ അങ്ങേ തിരുരക്തത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുവചനത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുനാമത്തിന്റെ
ശക്തിയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ പീഢാസഹനത്തിന്റെയും
കുരിശുമരണത്തിന്റേയും ഉത്ഥാനത്തിന്റേയും
യോഗ്യതയാൽ എന്നെ സുഖപ്പെടുത്തണമേ.
യേശുവേ അങ്ങേ തിരുശരീരത്തിലേറ്റ
അടികളുടെ യോഗ്യതയാൽ എന്നെ
സുഖപ്പെടുത്തണമേ.

**ഓരോ രോഗവും എടുത്തു പറഞ്ഞ് സൗഖ്യം പ്രാപിക്കുക. രോഗങ്ങൾ മാറി മാറി പറയുക. ഉദാ : എന്റെ നടുവേദന സുഖപ്പെടുത്തണമേ! എന്റെ കണ്ണിനെ... എന്റെ ക്യാൻസർ രോഗത്തെ...** etc.

**ഈ വചനങ്ങൾ നമുക്കുതന്നെ കേൾക്കാവുന്ന സ്വരത്തിൽ ഉച്ചത്തിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ് സൗഖ്യം പ്രാപിക്കുക.**

1. *"അവിടുന്ന് തന്റെ വചനം അയച്ച്, അവരെ സൗഖ്യമാക്കി; വിനാശത്തിൽനിന്നു വിടുവിച്ചു."*
**സങ്കീ. 107:20**

2. *"അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു..."*
**മത്താ. 8:17**

3. *"ഞാൻ നിനക്കു വീണ്ടും ആരോഗ്യം നല്കും; നിന്റെ മുറിവുകൾ സുഖപ്പെടുത്തും. കർത്താവ് അരുളിച്ചെയ്യുന്നു: അവർ നിന്നെ ഭ്രഷ്ട എന്നും ആരും തിരിഞ്ഞുനോക്കാത്ത സീയോൻ എന്നും വിളിച്ചില്ലേ?"* **ജറെ. 30:17**

4. *വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനല്കും."*
**യാക്കോ. 5:15**

5. *"കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്."* **ജ്ഞാനം 16:12**

## രോഗങ്ങളേയും രോഗശക്തികളേയും നിർവ്വീര്യമാക്കുന്ന ബന്ധന പ്രാർത്ഥന

**ആയിരുന്നവനും / ആയിരിക്കുന്നവനും വരാനിരിക്കുന്നവനും / സർവ്വശക്തനും / ദൈവവുമായ കർത്താവ് / പരിശുദ്ധൻ / പരിശുദ്ധൻ / പരിശുദ്ധൻ.**

*(മൂന്നു തവണ ആവർത്തിച്ചു പ്രാർത്ഥിക്കുന്നു.)*

യേശുവേ, രക്ഷകാ, അങ്ങയുടെ പരിശുദ്ധമായ നാമത്തിന്റെ ശക്തിയാൽ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തികളും ഉണ്ടാകട്ടെ. എന്റെ ശരീരത്തെയും ജീവിതത്തെയും, കുടുംബത്തെയും തകർത്തുകൊണ്ടിരിക്കുന്ന എല്ലാ രോഗങ്ങളേയും രോഗബന്ധനങ്ങളേയും യേശുവിന്റെ അധികാരമുള്ള നാമത്തിൽ ഞാൻ വിച്ഛേദിക്കുന്നു. എല്ലാ രോഗശക്തികളും രോഗത്തിന് കാരണമായ പൈശാചിക ശക്തികളും, ശാപശക്തികളും യേശുകർത്താവിന്റെ നാമത്തിൽ ഞാൻ ബന്ധിച്ച് ബഹിഷ്കരിക്കുന്നു. രോഗാണുക്കൾ യേശുവിന്റെ നാമത്തിൽ നിർവ്വീര്യമാകട്ടെ. രോഗങ്ങളും അതിന്റെ ദുഃഖങ്ങളും യേശുവിന്റെ നാമത്തിൽ എന്നെ വിട്ടുപോകട്ടെ. മനസ്സിന്റെ ആകുലതകളും ഭയവും, ഉത്കണ്ഠകളും, നിരാശയും, സ്വയംവെറുപ്പും, മടുത്ത അവസ്ഥയും യേശുവിന്റെ നാമത്തിൽ, സൗഖ്യമാകട്ടെ. യേശുവിന്റെ രക്തത്തിന്റെ യോഗ്യതയാൽ, വി. കുരിശിന്റെ അടയാളത്താൽ, രോഗങ്ങളേ, രോഗശക്തികളേ

നിങ്ങളോടു ഞാൻ ആജ്ഞാപിക്കുന്നു. എന്നന്നേയ്ക്കുമായി എന്നെ വിട്ടുപോവുക. ഇനി ഒരിക്കലും എന്നിലേക്ക് മടങ്ങിവരരുതെന്ന് നസ്രായനായ യേശുവിന്റെ നാമത്തിൽ നിങ്ങളോടു ഞാൻ കല്പിക്കുന്നു. യേശുവിന്റെ മുറിവിനാൽ ഞാൻ സൗഖ്യമാക്കപ്പെട്ടിരിക്കുന്നു.

യേശുവേ സ്ത്രോത്രം, യേശുവേ നന്ദി.
യേശുവേ സ്തോത്രം, യേശുവേ ആരാധന

(കുറച്ചു നേരം സ്തുതിക്കുന്നു....)

**രോഗത്തെയോർത്ത് തകർന്നിരിക്കാതെ ദൈവത്തെ ആരാധിക്കുക. രോഗത്തിലേക്ക് യേശുവിനെ വിളിച്ച് സൗഖ്യം പ്രാപിക്കുക.**

കഠിനമായ എന്റെ തലവേദനയിലേക്ക്,
കൂടെക്കൂടെ രോഗങ്ങൾ ഉണ്ടാകുന്ന
അവസ്ഥയിലേക്ക്,
ചികിത്സ ഫലിക്കാത്ത അവസ്ഥയിലേക്ക്,
രോഗം എന്താണെന്ന് കണ്ടുപിടിക്കാൻ
പോലും പറ്റാത്ത അവസ്ഥയിലേക്ക്,
വിട്ടുമാറാത്ത ശരീര വേദനകളിലേക്ക്,
സന്ധിബന്ധങ്ങളിലെ വേദനകളിലേക്ക്,
കൈകാലുകളുടെ തളർച്ചയിലേക്ക്,
വാതരോഗങ്ങളിലേക്ക്,

ക്യാൻസർ രോഗത്തിലേക്ക്,
ബുദ്ധിമാന്ദ്യത്തിലേക്ക്,
കുഞ്ഞുങ്ങളില്ലാത്ത അവസ്ഥയിലേക്ക്,
ഹൃദയസംബന്ധമായ രോഗങ്ങളിലേക്ക്,
ദുഃസ്വപ്നങ്ങൾ കാണുന്ന അവസ്ഥയിലേക്ക്,
രാത്രിയിൽ കിടന്ന് മൂത്രമൊഴിക്കുന്ന
അവസ്ഥയിലേക്ക്,
മയക്കുമരുന്നിന് അടിമപ്പെട്ടിരിക്കുന്ന
അവസ്ഥയിലേക്ക്,
എന്റെ മദ്യപാന രോഗത്തിലേക്ക്,
എന്റെ അൾസർ രോഗത്തിലേക്ക്,
ഗർഭാശയ ട്യൂമറിലേക്ക്,
ആർത്തവ സംബന്ധമായ രോഗപീഢകളിലേക്ക്,
ഗർഭാശയ സംബന്ധമായ എല്ലാ രോഗങ്ങളിലേക്ക്
നട്ടെല്ലിന്റെ തേയ്മാനത്തിലേക്ക്,
നടുവേദനയിലേക്ക്,
മുടികൊഴിയുന്ന അസുഖത്തിലേക്ക്,



## കരുണയുടെ ജപമാല

പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ

1 സ്വർഗ്ഗ., 1 നന്മ.

വിശ്വാസപ്രമാണം.....

**സമർപ്പണ പ്രാർത്ഥന**

നിത്യപിതാവേ, ഞങ്ങളുടെയും ലോകം

മുഴുവന്റേയും പാപങ്ങൾക്ക് പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ ഏറ്റവും വാത്സല്യമുള്ള പുത്രനുമായ ഈശോമിശിഹായുടെ തിരുശരീരവും, തിരുരക്തവും, ആത്മാവും, ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു. (1 പ്രാവശ്യം)

"ഈശോയുടെ അതിദാരുണമായ പീഡാസഹനത്തെക്കുറിച്ച്; പിതാവേ ഞങ്ങളുടെയും ലോകം മുഴുവന്റെയുംമേൽ, കരുണയായിരിക്കണമെ" (10 പ്രാവശ്യം)

(നിയോഗങ്ങൾ ഓരോ ആവശ്യത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറ്റാവുന്നതാണ്. ഉദാ. ഞങ്ങളുടെമേലും എല്ലാ രോഗികളുടെമേലും....., എന്റെ മേലും എന്റെ കുടുംബത്തിന്റെമേലും കരുണയായിരിക്കണമെ....)

"പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമെ" (3 പ്രാവശ്യം)

അഞ്ചു രഹസ്യങ്ങളും കഴിയുമ്പോൾ മനസ്താപപ്രകരണം ചൊല്ലുന്നു. തുടർന്ന് പരിശുദ്ധപിതാവിന്റെ നിയോഗാർത്ഥം 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ. ചൊല്ലി ജപമാല അവസാനിപ്പിക്കുന്നു.

# ഏറ്റു ചൊല്ലി പ്രാർത്ഥിക്കുക

യേശു പറഞ്ഞു : "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ. 10:10). യേശുവിന്റെ അടുക്കലേയ്ക്ക് കടന്നുചെന്നവരേയും അവന്റെ നാമം വിളിച്ചപേക്ഷിച്ചവരേയും അവിടുന്ന് സുഖപ്പെടുത്തി. ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സൗഖ്യം പ്രാപിച്ചവരോട് ചേർന്ന് നമുക്കും അവന്റെ നാമം വിളിച്ചപേക്ഷിക്കുകയും കരുണയ്ക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്യാം.

താഴെ വരുന്ന പ്രാർത്ഥനകൾക്ക് ***ഞങ്ങളുടെമേൽ കരുണയായിരിക്കേണമേ*** എന്ന് മറുപടി ചൊല്ലുക

സാബത്തിൽ രോഗശാന്തി നൽകിയ യേശുവേ
അന്ധനു കാഴ്ച നൽകിയ യേശുവേ
ബന്ധിരനു കേൾവി നൽകിയ യേശുവേ
ഊമനു സംസാരശക്തി നൽകിയ യേശുവേ
കൈ ശോഷിച്ചവനെ സുഖപ്പെടുത്തിയ യേശുവേ
കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ യേശുവേ
പിശാച് ബാധിച്ചവനെ സുഖപ്പെടുത്തിയ യേശുവേ
സീറോ-ഫിനേഷ്യൻ സ്ത്രീയുടെ മകളെ
സുഖപ്പെടുത്തിയ യേശുവേ
രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തിയ
യേശുവേ

ശതാധിപന്റെ പുത്രനെ സുഖപ്പെടുത്തിയ യേശുവേ
രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയ യേശുവേ
തളർവാതരോഗിയെ സുഖപ്പെടുത്തിയ യേശുവേ
വിധവയുടെ മകനെ പുനർജീവിപ്പിച്ച യേശുവേ
ലാസറിനെ ഉയർപ്പിച്ച യേശുവേ
മരിച്ചവനെ ഉയർപ്പിച്ച യേശുവേ

*(സ്വതന്ത്രമായി സ്തുതിക്കുക)*

## എല്ലാ രോഗികൾക്കും വേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന

"എല്ലാവർക്കും വേണ്ടി അപേക്ഷകളും യാചനകളും മധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വാനം ചെയ്യുന്നു" (1 തിമോ. 2:-1).

"നിങ്ങളുടെ ഇടയിൽ ദുരിതമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും" (യാക്കോ. 5:13-15).

എല്ലാ ക്യാൻസർ രോഗികളെയും
എല്ലാ ഹാർട്ട് രോഗികളെയും
എല്ലാ കിഡ്നി രോഗികളെയും
എല്ലാ അപസ്മാര രോഗികളെയും
വായ്നാറ്റമുള്ള രോഗികളെ
വിയർപ്പുനാറ്റമുള്ള രോഗികളെ
വിട്ടുമാറാത്ത ജലദോഷമുള്ള രോഗികളെ
വായിൽ കുരുക്കൾ വളരുന്ന രോഗികളെ
കൂടെക്കൂടെ പനി വരുന്ന രോഗികളെ
മൂക്കിൽ ദശവളരുന്ന രോഗികളെ
കേൾവിക്കുറവുള്ളവരെ
എല്ലാ ഗർഭസ്ഥ ശിശുക്കളെയും
എല്ലാ ഷുഗർ രോഗികളെയും
എല്ലാ പ്രഷർ രോഗികളെയും
എല്ലാ കൊളസ്ട്രോൾ രോഗികളെയും
എല്ലാ മൂത്രാശയ സംബന്ധമായ രോഗികളെയും
എല്ലാ ഗർഭാശയ സംബന്ധമായ രോഗികളെയും

**(പ്രാർത്ഥന കേട്ട് സൗഖ്യം നൽകിയ യേശുവിനെ സ്തുതിക്കുക)**

**താഴെ വരുന്ന പ്രാർത്ഥനകൾക്ക് യേശുവേ സൗഖ്യം അയയ്ക്കണമെ! എന്ന് മറുപടി ചൊല്ലുക**

നട്ടെല്ല് തേയുന്ന രോഗികളിലേയ്ക്ക്
എല്ല് ഒടിയുന്ന രോഗികളിലേയ്ക്ക്
അസ്ഥി തേയ്മാനം ഉള്ള രോഗികളിലേയ്ക്ക്

നെഞ്ചെരിച്ചൽ ഉള്ള രോഗികളിലേയ്ക്ക്
കാൽ വരഞ്ഞുകീറുന്ന രോഗമുള്ളവരിലേയ്ക്ക്
മസ്സിൽ സംബന്ധമായ രോഗമുള്ളവരിലേയ്ക്ക്
ഉദരസംബന്ധമായ രോഗമുള്ളവരിലേയ്ക്ക്
വാതസംബന്ധമായ രോഗമുള്ളവരിലേയ്ക്ക്
ചെവി പൊട്ടിയൊലിക്കുന്ന രോഗമുള്ളവരിലേയ്ക്ക്
മാനസിക രോഗികളിലേയ്ക്ക്
ബുദ്ധിമാന്ദ്യം ഉള്ള രോഗികളിലേയ്ക്ക്
ഓട്ടിസം ബാധിച്ച രോഗികളിലേയ്ക്ക്
ശരീരത്തിലെ വെള്ളപ്പാണ്ടുകളിലേയ്ക്ക്
ശരീരത്തിലെ കറുത്ത കലകളിലേയ്ക്ക്
ശരീരത്തിൽ വളരുന്ന അരിമ്പാറയിലേയ്ക്ക്
പൈൽസ് സംബന്ധമായ രോഗികളിലേയ്ക്ക്
ബ്ലീഡിങ്ങ് സംബന്ധമായ രോഗികളിലേയ്ക്ക്
തൊണ്ടയിൽ മുഴകളുള്ള രോഗികളിലേയ്ക്ക്
തളർവാതരോഗത്താൽ വേദനിക്കുന്നവരിലേയ്ക്ക്
ഗ്യാസ് ട്രബിൾ സംബന്ധമായ രോഗികളിലേയ്ക്ക്
തൈറോയ്ഡ് സംബന്ധമായ രോഗികളിലേയ്ക്ക്
ടോൺസലേറ്റ് സംബന്ധമായ രോഗികളിലേയ്ക്ക്
കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാരിലേയ്ക്ക്
ശരീരത്തിൽ അനാവശ്യമായി വളരുന്ന
മുഴകളിലേയ്ക്ക്

തലവേദനയുള്ളവരെ
തലകറക്കമുള്ളവരെ
മുടികൊഴിയുന്ന രോഗമുള്ളവരെ
അകാല നര ബാധിച്ചവരെ
കണ്ണു കാണാത്തവരെ
കണ്ണിൽ നിന്നു വെള്ളം വരുന്നവരെ
കണ്ണുനീർ വറ്റിപ്പോകുന്നവരെ
കണ്ണിൽ തിമിരം ബാധിച്ചവരെ
കണ്ണിന് വെള്ളെഴുത്ത് ബാധിച്ചവരെ
കണ്ണിന് വേദനയുള്ളവരെ
കണ്ണട വെയ്ക്കണമെന്നു പറഞ്ഞവരെ

**"മകനെ എന്റെ വാക്കുകൾ ശ്രദ്ധിക്കുക. എന്റെ മൊഴികൾക്കു ചെവി തരുക. അവ നിന്റെ ദൃഷ്ടിപഥത്തിൽ നിന്നു മാഞ്ഞുപോകാതിരിക്കട്ടെ! അവ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക. എന്തെന്നാൽ അവയെ ഉൾക്കൊള്ളുന്നവന് അവ ജീവനും അവന്റെ ശരീരത്തിന് ഔഷധവുമാണ് " (സുഭാ. 4: 20 – 22).**

## Visit us:

| | |
|---|---|
| Website | : www.sehion.org |
| Retreat Booking | : www.sehion.in |
| Web Radio | : www.sehionradio.org |
| Mobile Application | : www.sehion.org/m |
| Web Live | : www.sehion.org/webTV |
| Blog Spot | : www.sehionretreatcentre.blogspot.com |
| Youtube | : www.youtube.com/sehionvideo |
| Facebook | : www.facebook.com/sehionministries |
| Twitter | : www.twitter.com/sehionministry |
| Online Shopping | : www.maranathamediacentre.org |